ഉത്തരം.

ഗവണ്മെൻറും ഐ. എൻ. ടി. യു. സി–യും തമ്മിൽ ബന്ധമില്ല. യൂണിയനുകളിൽ തൊഴിലാളികളെ ചേർക്കാൻ യാതൊരു നിർദ്ദേശവും ലേബർഡിപ്പാർട്ടുമെൻറിനോ പോലീസ് ഡിപ്പാർട്ടുമെൻറിനോ നൽകിയിട്ടില്ല.

തൊഴിലാളികളും സംഘട്ടനങ്ങളും ഐ. എൻ. ടി. യു സി–യും.

105. [44] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം തോട്ടങ്ങളിലും ഫാക്ടറികളിലുമായി സംസ്ഥാനത്ത് ഒട്ടാകെ തൊഴിലാളികൾ തമ്മിൽ എത്ര സംഘട്ടനങ്ങൾ ഉണ്ടായെന്നു പറയുമോ; എവിടെയൊക്കെയാണ് സംഘട്ടനങ്ങൾ ഉണ്ടായത്; തൊഴിലാളികൾ തമ്മിലുള്ള സംഘട്ടനങ്ങളിൽ എവിടെയെല്ലാം ഐ. എൻ. ടി. യു. സി-യുടെ കീഴിലുള്ള തൊഴിലാളികൾ പങ്കാളികളായുണ്ട്; സംഘട്ടനത്തിൽ ഏർപ്പെട്ടതിനു ഐ. എൻ. ടി. യു. സി. തൊഴിലാളികളുടെ പേരിൽ എവിടെയെങ്കിലും കേസെടുത്തിട്ടുണ്ടോ; അറസ്റ്റുചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; എത്രപേരുടെ പേരിൽ; ഐ. എൻ. ടി. യു. സി. ക്കാരല്ലാത്ത തൊഴിലാളികളുടെ പേരിൽ ഇതേ കാരണത്തിനു എവിടൊക്കെ കേസെടുത്തിട്ടുണ്ട്; അറസ്റ്റു ചെയ്തിട്ടുണ്ട്; ഓരോ സ്ഥലത്തു എത്ര കേസ്സുകൾ; എത്രപേരുടെ പേരിൽ; അറസ്റ്റുചെയ്തത് എത്ര പേർ എന്നുള്ള വിവരം വെളിപ്പെടുത്തുമോ;

(ബി) തൊഴിലാളിസമരം നടക്കുന്ന എവിടെയെങ്കിലും കാൺട്രാക്ടറുടെ സേവാദളക്കാർ മുളവടി, കഠാരി തുടങ്ങിയ ആയുധങ്ങളുമായി ഐ. എൻ. ടി. യു. സി. ക്കാരല്ലാത്ത തൊഴിലാളികളെ ആക്രമിച്ചതായി പരാതിയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടൊക്കെ; അതിന്മേൽ പോലീസ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; സേവാദളക്കാർതന്നെ എവിടെയെങ്കിലും കരിങ്കാലിപ്പണിക്കു പോയിട്ടുണ്ടോ?

ഉത്തരം.

(എ) 18 സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

താഴെ വിവരിക്കുന്ന സ്ഥലങ്ങളിലാണ് സംഘട്ടനങ്ങൾ ഉണ്ടായത്.

1. പ്ലാപ്പോസ് എസ്റ്റേറ്റ് എരുമേലി.
2. പാമ്പാടുംപാറ എസ്റ്റേറ്റ് വണ്ടിപ്പെരിയാർ.
3. ഹെയിലിബറിയ എസ്റ്റേറ്റ് പീരുമേട്.
4. ടി
5. കാവക്കുളം എസ്റ്റേറ്റ് പീരുമേട്.
6. ടി
7. നെല്ലിയാംപതി എസ്റ്റേറ്റ് നെന്മാറ.
8. പൊന്നാൻചുണ്ട് എസ്റ്റേറ്റ് വിതുര.
9. ചവറ.
10. പുനലൂർ.
11. ടി

LIBRARY ARCHIVES Kerala Legislative Assembly

12. പുനലൂർ
13. ടി
14. ടി
15. ടി
16. ടി
17. അഛൻകോവിൽ.
18. ടി

പാമ്പാടംപാറയിലും കാവക്കുളം എസ്റ്റേറ്റിലെ ഒരു സംഘട്ടനത്തിലും നെല്ലിയാംപതി, ചവറ, പുനലൂർ, അഛൻകോവിൽ എന്നീ സ്ഥലങ്ങളിലുമുണ്ടായിട്ടുള്ള സംഘട്ടനങ്ങളിലും ഐ. എൻ. ടി. യു. സി. യുടെ കീഴിലുള്ള തൊഴിലാളികളും ഉൾപ്പെട്ടിട്ടുണ്ട്. അവരുടെ പേരിൽ കേസെടുക്കുകയും അവരെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്.

1. പാമ്പാടംപാറ 10 പേരുടെമേൽ കേസെടുത്തു് അറസ്റ്റു ചെയ്തിട്ടുണ്ട്.

2. കാവക്കുളം എസ്റ്റേറ്റ് 3 പേരുടെമേൽ കേസെടുത്തു് അറസ്റ്റു ചെയ്തിട്ടുണ്ട്.

3. നെല്ലിയാംപതി 10 പേരുടെമേൽ കേസെടുത്തിട്ടുണ്ട്. ആരെയും അറസ്റ്റുചെയ്തിട്ടില്ല.

4. ചവറ 14 പേരുടെമേൽ കേസെടുത്തു് 6 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

5. പുനലൂർ 2 പേരുടെമേൽ കേസെടുത്തു് ഒരാളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

6. അഛൻകോവിൽ 11 പേരുടെമേൽ കേസെടുത്തു് അവരെ അറസ്റ്റുചെയ്തിട്ടുണ്ട്.

ഐ. എൻ. ടി. യു. സി. ക്കാരല്ലാത്ത തൊഴിലാളികളുടെ പേരിലും ഇതേ കുറ്റത്തിനു കേസെടുത്തിട്ടുണ്ട്.

1. കാഞ്ഞിരപ്പള്ളിസ്റ്റേഷൻ 4 പേരുടെമേൽ കേസെടുത്തു് അറസ്റ്റുചെയ്തിട്ടുണ്ട്.

2. പീരുമേട് സ്റ്റേഷൻ 3 കേസുകൾ എടുത്തിട്ടുണ്ട്.

ക്രൈം 301/55, 31 പേർ 30 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

ക്രൈം 36/55, 11 പേർ 11 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

ക്രൈം 48/55, 2 പേർ 2 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

3. നെന്മാറ സ്റ്റേഷൻ 21 പേരുടെ മേൽ കേസെടുത്തു് 4 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

4. വിതുരസ്റ്റേഷൻ 8 പേരുടെമേലുള്ള ഒരു കേസ്സിൽ ഒരാളെ അറസ്റ്റുചെയ്തിട്ടുണ്ട്.

ഒരാളുടെ മേലുള്ള മറ്റൊരുകേസിൽ അയാളെയും അറസ്റ്റുചെയ്തിട്ടുണ്ട്.

5. ചവറ 16 പേരുടെമേൽ കേസെടുത്തു് 7 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. പുനലൂർ 7 കേസുകൾ എടുത്തിട്ടുണ്ട്.
1. ക്രൈം 65/55 9 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
2. ക്രൈം 88/55 ഒരാളെ അറസ്റ്റുചെയ്ത കേസെടുത്തിട്ടുണ്ട്.
3. ക്രൈം 98/55 3 പേർ ഒരാളെ അറസ്റ്റുചെയ്തിട്ടുണ്ട്.
4. ക്രൈം 102/55 2 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
5. ക്രൈം 104/55 3 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
6. ക്രൈം 108/55 ഒരാളെ അറസ്റ്റുചെയ്ത കേസെടുത്തിട്ടുണ്ട്.
7. ക്രൈം 56/55 9 പേർ 3 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

കെ. കെ. റോഡിൽനിന്നു കാഞ്ഞിരപ്പള്ളി ഗവണ്മെന്റ് ഹൈസ്കൂളിലേക്കുള്ള അപ്രോച്ചു റോഡ്.

106. [45] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി പറയുമോ :

(എ) കെ. കെ. റോഡിൽ നിന്നു കാഞ്ഞിരപ്പള്ളി ഗവണ്മെന്റ് ഹൈസ്കൂളിലേക്കുള്ള അപ്രോച്ചു റോഡു് നന്നാക്കണമെന്നു കാണിച്ചു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) എസ്റ്റിമേറ്റു തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത ബഡ്ജറ്റിൽ കൊള്ളിച്ചു് വേല നടത്താൻ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

കുറുപ്പുഴ കനാൽ.

107. [48] ശ്രീ. എം എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കുറുപ്പുഴ കനാൽ വെട്ടിത്തുറക്കുന്നതിനു് ഇനിയും എന്തു കാലതാമസം വരും ;

(ബി) കുറുപ്പുഴ തോടു് തുറക്കാത്തതുകൊണ്ടു് വെള്ളം ഇറങ്ങിപോകാൻ നിവൃത്തിയില്ലാതെ കവയൂർ പകുതിയിലുള്ള വളരെയധികം കരമുകൃഷി നശിക്കുന്നതായി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ;

(ഡി) കുറുപ്പുഴ പാലത്തിന്റെ അപ്രോച്ചുറോഡു് തീരാത്തതുകൊണ്ടാണോ തോടു തുറക്കാത്തതു് ;

(ഇ) അപ്രോച്ചുറോഡിന്റെ പണി തുടങ്ങിയിട്ടു് എത്ര കാലമായി ;

(എഫ്) അപ്രോച്ചുറോഡിന്റെ നീളം എത്ര ;

(ജി) അതിലേക്കു് എത്ര രൂപ ചെലവാകും ;

LIBRARY ARCHIVES Kerala Legislative Assembly